വണ്ടൂർ സി.എച്ച്.സി.-യുടെ പദവി ഉയർത്താൻ നടപടി

26 (1748) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വണ്ടൂർ ഗവൺമെന്റ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മിനി താലൂക്ക് ആശുപത്രിയായി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് ഇതിനകം കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) മിനി താലൂക്ക് ആശുപത്രി വിഭാഗത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങൾ ആരോഗ്യ വകുപ്പിന്റെ കീഴിൽ നിലവിൽ ഇല്ല.

ആശുപത്രി കെട്ടിടങ്ങളുടെ നവീകരണം

27 (1749) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശുപത്രി കെട്ടിടങ്ങൾ നവീകരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും എന്തെങ്കിലും പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ ;

(ബി) എങ്കിൽ ആലത്തൂർ അസംബ്ലി നിയോജകമണ്ഡല പരിധിയിലുള്ള ആശുപത്രികളുടെയും പി.എച്ച്.സി. കെട്ടിടങ്ങളുടേയും നവീകരണം നടത്തുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) എങ്കിൽ ഏതെല്ലാം കെട്ടിടങ്ങളാണ് ഇങ്ങനെ നവീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ആലത്തൂർ താലൂക്ക് ആശുപത്രിയിൽ ജെറിയാട്രിക് വാർഡിന്റെയും ക്യാന്റീനിന്റെയും നവീകരണപ്രവർത്തനം നടന്നുവരുന്നു. മോർച്ചറി കെട്ടിടംപണി പൂർത്തിയായി. പഴമ്പാലക്കോട് സി.എച്ച്.സി.-യിൽ ഓപ്പറേഷൻ തിയേറ്റർ, ഓഫീസ് കെട്ടിടം എന്നിവ നവീകരിച്ചു. വടക്കാഞ്ചേരി സി.എച്ച്.സി.-യിൽ 48 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കണ്ണപ്ര, കുനിശ്ശേരി, കാവശ്ശേരി, കിഴഞ്ചേരി, തോട്ടായി, മേലാർകോട്, പുത്തുക്കോട്, വണ്ടാഴി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ എൻ.ആർ.എച്ച്.എം. ഫണ്ടുപയോഗിച്ച് അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്.

അഴിക്കോട് നിയോജകമണ്ഡലത്തിലെ ആശുപത്രികളുടെ വികസനം

28 (1750) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം അഴീക്കോട് അസംബ്ലി നിയോജകമണ്ഡലത്തിൽ ആശുപത്രികളുടെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly